# <u>അശരണയും, ക്യാൻസർ  രോഗിയുമായ യുവതിക്ക് വീട് നിർമ്മിച്ച് നൽകി കോതമംഗലം പോലീസ് മാതൃകയായി</u>



കീരംപാറ പഞ്ചായത്ത് പാലമറ്റം കരയിൽ മേലേ മഠത്തിൽ രഞ്ജിനിക്ക് കോതമംഗലം പോലീസ് 3 സെൻറ് സ്ഥലം വാങ്ങി നിർമ്മിച്ച വീടിൻെറ  താക്കോൽ ദാനം കോതമംഗലം എസ് എച്ച് ഒ ശ്രീ ബേസ്സിൽ തോമസ്സ് നിർവ്വഹിച്ചു. ട്രാഫിക് എസ് ഐ  ടി..എൻ രാജൻ അദ്ധ്യക്ഷത വഹിച്ചു. SI ബിനുലാൽ  സക്കീർ ഹുസൈൻ ,പോലീസ് അസോസിയേഷൻ അംഗം ഉബൈസ്, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ജെസ്സി സാജു, വാർഡ് മെമ്പർ ശ്രീമതി ബിന്ദു

കോതമംഗലം പോലീസ് സ്റ്റേഷനിലെയും, ട്രാഫിക് യൂണിറ്റിലെയും സേനാംഗങ്ങൾ ടി ചടങ്ങിൽ പങ്കെടുത്തു.   2018-ലെ പ്രളയത്തിൽ കോതമംഗലം ട്രാഫിക് യൂണിറ്റിലെ പോലീസ് സേനാംഗങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾക്കിടയിലാണ് താമസിച്ചിരുന്ന വാടക  വീട് പൂർണ്ണമായും തകർന്ന് മറ്റൊരു വീട്. നിർമ്മിക്കുന്നതിനോ വാടകക്ക് വീടെടുത്ത് താമസം തുടരുന്നതിനോ മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്ന നിലയിൽ രഞ്ജിനിയെയും, മാതാപിതാക്കളെയും

ശ്രദ്ധയിൽപ്പെട്ടത്. രഞ്ജിനി വർഷങ്ങളായി ബ്രെയിൻ ട്യൂമർ ബാധിച്ച് ചികിത്സയിലാണ്. മാതാപിതാക്കളുടെ ഏക ആശ്രയം രോഗിയായ രഞ്ജിനിയാണ്. രഞ്ജിനിയെ സഹായിക്കുന്നതിനായി കോതമംഗലം ട്രാഫിക് പോലീസ് സന്നദ്ധരാവുകയും 3 മാസം മുൻപ് വീട് പണി ആരംഭിക്കുകയും , വീടിന്റെ പണി പൂർത്തിയാക്കി 11.02.19 തീയ്യതി വീടിന്റെ താക്കോൽ രഞ്ജിനിക്ക് കൈ മാറി.